# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** 17.03.2015-ൽ മറുപടിയ്ക്ക്

### കാട്ടു തീ തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) കടുത്ത വേനൽ പരിഗണിച്ച് കാട്ടുതീ ഉണ്ടാകുന്നത് തടയുന്നതിനും അത് വഴി വന നശീകരണം ഒഴിവാക്കുന്നതിനും എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ വന മേഖലയിൽ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. ഫയർ സീസണിന്റെ തുടക്കത്തിൽ കൺട്രോൾ ബേണിംഗ് നടത്തി മുൻകരുതൽ എടുത്തിട്ടുണ്ട്. വനസംരക്ഷണ ജീവനക്കാർക്കു പുറമെ ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെ നിയമിച്ച് ഫയർ ലൈൻ എടുക്കൽ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയും നടത്തുന്നുണ്ട്. ബോധവൽക്കരണ ക്ലാസുകൾ, റോഡ് ഷോ, ജാഥ എന്നിവ സംഘടിപ്പിച്ചും, ബാനറുകൾ, ബോർഡുകൾ എന്നിവ സ്ഥാപിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുകയും വഴി കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ കാട്ടിൽ പ്രവേശിക്കുന്ന ടൂറിസ്റ്റുകളെ കർശന പരിശോധനയ്ക്ക് വിധേയമാക്കിയും, കാട്ടുതീ തടയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ടൂറിസ്റ്റുകൾക്ക് അവബോധം നൽകുകയും ചെയ്യുന്നുണ്ട്. പ്രകൃതി പഠന ക്ലാസ്സുകളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റു സന്നദ്ധ സംഘടനകൾക്കും ബോധവൽക്കരണം നൽകു |

വാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഫയർ സീസണിൽ കാട്ടു തീ പടരുന്നതിന് സാദ്ധ്യതയുള്ള വന്യജീവി സങ്കേതങ്ങൾ ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അനുമതിയോടെ നിശ്ചിത കാലാവധി വരെ അടച്ചിടാറുണ്ട്. വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തത്തോടുകൂടി കാട്ടു തീ തടയാനുള്ള കർമ്മസേന രൂപീകരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| **(ബി)** | ഇത് തടയുന്നതിന് വേണ്ട ആധുനിക ഉപകരണങ്ങൾ വനപാലകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | **(ബി)** | കാട്ടു തീ തടയുന്നതിന് പരമ്പരാഗത രീതികൾക്കുപരിയായി അത്യാധുനിക യന്ത്രസാമഗ്രികൾ ഉപയുക്തമാക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ കാട്ടുതീ ബാധിച്ച പ്രദേശങ്ങൾ എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനായി നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ വെബ് സൈറ്റ് മുഖേന ലഭ്യമാക്കി കാട്ടുതീ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്ക് അപ്പപ്പോൾ നിർദ്ദേശം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.